Draft #10 of File 351/AC A7/4/2019/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 07-Mar-2020 05:08 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

തൊടുപുഴ കോളേജ് ഓഫ് എഞ്ചിനിയറിങ്ങിലെ എം ടെക് അപ്ലൈഡ് ഇലക്ട്രോണിക്സ് കോഴ്സ് 2018-19 അധ്യയനവർഷം മുതൽ നിർത്തലാക്കുന്നത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 1387/AC A 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 09.03.2020

---

*പരാമർശം:*-1. കോളേജ് ഓഫ് എഞ്ചിനിയറിങ്, തൊടുപുഴ കോളേജിലെ ബിടെക് ഐടി, എം ടെക് അപ്ലൈഡ് ഇലക്ട്രോണിക്സ് എന്നീ കോഴ്സുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് 07/12/2018ൽ സിപാസ് ഡയറക്ടർ സമർപ്പിച്ച 74/CPAS/AICTE Approval/2017-)0 നമ്പർ അപേക്ഷ.

2. 04/02/2019ൽ സിപാസ് ഡയറക്ടർക്ക് നൽകിയ 351/എസി എ7/4/എസി എ ഡി -)0 നമ്പർ അറിയിപ്പ്.

3. പ്രിൻസിപ്പൽ, കോളേജ് ഓഫ് എൻജിനിയറിങ്, തൊടുപുഴ, സിപാസ് ഡയറക്ടർ വഴിയായി സമർപ്പിച്ച 11/02/2019 തീയതിയിലെ UCET/NOC/1/2019-)0 അപ്പീൽ.

4.സർവകലാശാല ഉത്തരവ് നം .2411 / എസി എ 7 / 2019 / എം ജി യു . തീയതി 01/ 06/ 2019 .

5.സർവകലാശാല ഉത്തരവ് നം .4184 / എസി എ 7 / 2019 / എം ജി യു . തീയതി 31/ 08/ 2019 .

6 .പ്രിൻസിപ്പൽ, കോളേജ് ഓഫ് എൻജിനിയറിങ്, തൊടുപുഴ, സിപാസ് ഡയറക്ടർ വഴിയായി സമർപ്പിച്ച 16/09/2019 തീയതിയിലെ യു സി ഇ റ്റി / പേര് തിരുത്തൽ /2019-)0 അപ്പീൽ.

7. 15.02.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം:63/20.01/351/AcA7/4/2019/Acad

**ഉത്തരവ്**

തൊടുപുഴ,കോളേജ് ഓഫ് എഞ്ചിനിയറിങ്ങിലെ ബി ടെക് ഐ ടി, എം ടെക് അപ്ലൈഡ് ഇലക്ട്രോണിക്സ് എന്നീ കോഴ്സുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് എ ഐ സി ടി ഇ-യിൽ സമർപ്പിക്കുവാൻ എൻ ഒ സി നൽകണമെന്ന് മേൽപരാമർശം (1) പ്രകാരം സിപാസ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു. 2018-19 അധ്യയനവർഷം മുതൽ ടി കോളേജിന്റെ അഫിലിയേഷൻ എ പി ജെ അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറ്റിയിട്ടുള്ളതിനാൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്നും നിയമപരമായി എൻ ഒ സി നൽകുവാൻ സാധിക്കുകയില്ല എന്ന വിവരം വൈസ്ചാൻസിലറുടെ അനുമതിയോടെ മേൽപരാമർശം (2) പ്രകാരം സിപാസ് ഡയറക്ടറെ അറിയിച്ചിരുന്നു. എന്നാൽ ടി

മറുപടിക്കെതിരെ മേൽപരാമർശം (3) പ്രകാരം സമർപ്പിക്കപ്പെട്ട അപ്പീൽ പരാതി പരിഗണിച്ച സർവകലാശാലാ സിൻഡിക്കേറ്റ്, തൊടുപുഴ കോളേജ് ഓഫ് എഞ്ചിനിയറിങ്ങിലെ ബിടെക് ഐടി, എം ടെക് അപ്ലൈഡ് ഇലക്ട്രോണിക്സ് എന്നി കോഴ്സുകൾ നിർത്തലാക്കുവാൻ എൻ ഒ സി നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ എൻജിനിയറിങ് കോളേജുകൾക്ക് ഇനി അഫിലിയേഷൻ പുതുക്കി നൽകേണ്ടതില്ല എന്ന തീരുമാനം പുനഃപരിശോധിക്കേണ്ടതില്ല എന്ന് മേൽപരാമർശം (4 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . തുടർന്ന് 17.08.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം തൊടുപുഴ, കോളേജ് ഓഫ് എഞ്ചിനിയറിങ്ങിലെ എം ടെക് അപ്പ്ളൈഡ് ഇലക്ട്രോണിക്സ് കോഴ്സ് 2018-19 അധ്യയനവർഷം മുതൽ നിർത്തലാക്കുന്നതിന് നിരാക്ഷേപപത്രം നൽകുന്നതിന് തീരുമാനിക്കുകയും തദനുസരണം മേൽപരാമർശം (5) ഉത്തരവ്വ് പുറപ്പെടുവിക്കുകയും നിരാക്ഷേപ പത്രം നൽകുകയും ചെയ്തിരുന്നു.എന്നാൽ കോളേജ് AICTE -ൽ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൊടുപുഴ എന്നാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും ആയതിനാൽ ടി പേരിൽ നിരാക്ഷേപ പത്രം നൽകണമെന്ന് ആവിശ്യപ്പെട്ട് മേൽപരമാർശം (6) പ്രകാരം അപേക്ഷ നൽകുകയും 15.02.2020 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം ടി അപേക്ഷ പരിഗണിക്കുകയും മേൽപരമാർശം (7) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തിരിക്കുന്നു.

"മുൻ തീരുമാനം പുനഃപരിശോധിക്കണ്ടതില്ല എന്നും, എന്നാൽ ഇപ്പോഴത്തെ ഈ സ്ഥാപനത്തിന്റെ പേരും അതിന്റെ കാലഘട്ടവും മുൻ പേരും അതിന്റെ കാലഘട്ടവും പ്രത്യേകമായി എടുത്ത് പറഞ്ഞു ഉത്തരവുകൾ സൂചനയായി കാണിച്ചു NOC നൽകാൻ തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡയറക്ടർ, സെൻറർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കോട്ടയം.
2 .പ്രിൻസിപ്പൽ , കോളേജ് ഓഫ് എൻജിനിയറിങ് ,തൊടുപുഴ
3 . വിസി/പിവിസി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
4 . രജിസ്ട്രാർ/എഫ് ഒ/ സി ഇ എന്നിവരുടെ പി എ.
5 . ജെ ആർ2 (ഭരണം)/ഡി ആർ1, എആർ1 (അക്കാദമിക്).
6 . എസി സി1/2, കണ്ടന്റ് മാനേജ്മെന്റ് /ഐ ക്യു എ സി.
7 . റെക്കോഡ്സ് സെക്ഷൻ /സ്റ്റോക്ക് ഫയൽ, ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #10 of File 351/AC A7/4/2019/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 07-Mar-2020 05:08 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം